"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി പുഷ്പലത എം-ന്റെ സേവനപുസ്തകത്തിൽ ജനന തീയതി തിരുത്തൽ വരുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1678/2026/LSGD    തീയതി,തിരുവനന്തപുരം, 07-09-2026

---

പരാമർശം:-

1. 1. 30/12/1991 തീയതിയിലെ സ.ഉ.(പി) നം.45/91/പി & എ.ആർ.ഡി നമ്പർ ഉത്തരവ്
2. ശ്രീമതി പുഷ്പലത എം-യുടെ 04/03/2026 തീയതിയിലെ അപേക്ഷ
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25/07/2026 തീയതിയിലെ LSGD/PD/19107/2025-DEF2 നമ്പർ കത്ത്.

**ഉത്തരവ്**

വാഴക്കുളം ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 16.11.2021 തീയതിയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി പുഷ്പലത എം.-ന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ജനനതീയതിയായ 10.01.1979 എന്നുള്ളത് ടിയാളുടെ ജനനസർട്ടിഫിക്കറ്റിലെയും SSLC ബുക്കിലെയും ജനനതീയതിയായ 17.06.1979 ആയി തിരുത്തുന്നതിന് പരാമർശം (2) പ്രകാരം ശ്രീമതി ശ്രീമതി പുഷ്പലത എം സമർപ്പിച്ചിരുന്ന അപേക്ഷ പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ജീവനക്കാരുടെ സേവനപുസ്തകത്തിൽ ജനനത്തീയതി തിരുത്തൽ വരുത്തുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീമതി പുഷ്പലത എം സർവ്വീസിൽ പ്രവേശിച്ചത് 16.11.2021 ന് ആണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാൾ 04/03/2026 ന് ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി പുഷ്പലത എം-ന്റെ സേവനപുസ്തകത്തിൽ, SSLC രേഖകളിൽ തിരുത്തൽ വരുത്തിയത് പ്രകാരം, ജനനത്തീയതി 17/06/1979 ആയി തിരുത്തൽ വരുത്തുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീമതി പുഷ്പലത എം, ഓഫീസ് അറ്റൻഡന്റ് ,കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്(EU3/195/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Sonu Jacob
Date: 07-09-2026
12:48:35

സെക്ഷൻ ഓഫീസർ